പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

## ജലനിധി പദ്ധതി

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 2152 | | 10.10.2011 ൽ മറുപടിക്ക് | |
|---|---|---|---|
| **ചോദ്യം** | | **മറുപടി** | |
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പു മന്ത്രി | |
| (എ) | ചേലക്കര മണ്ഡലത്തിൽ ജലനിധി പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ചേലക്കര നിയോജക മണ്ഡലത്തിൽ ചേലക്കര (51), മുള്ളൂർക്കര(28), പഴയന്നൂർ (58), പാഞ്ഞാൾ(25), വള്ളത്തോൾ നഗർ (22), തിരുവില്വാമല(62), വരവൂർ (37) എന്നീ 7 പഞ്ചായത്തുകളിലായി 283 ജലനിധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിലെല്ലാം തന്നെ ഏറ്റെടുത്ത എല്ലാ കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പുനരുദ്ധാരണത്തിനുൾപ്പെടെയുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; | (ബി) | ചേലക്കര നിയോജക മണ്ഡലത്തിലെ പാഞ്ഞാൾ പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | പ്രസ്തുത പഞ്ചായത്തിലെ 12 കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ഡി) | നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനുൾപ്പെടെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ; | (ഡി) | നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിന് നടപടികൾ സ്വീകരിച്ചിട്ടില്ല . |
| (ഇ) | രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന മണ്ഡലത്തിലെ പഞ്ചായത്തുകളെ കൂടി ഈവർഷം നടപ്പിലാക്കുന്ന ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | ജലനിധി രണ്ടാം ഘട്ട പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ആദ്യ ബാച്ച് പഞ്ചായത്തുകളിൽ ചേലക്കര മണ്ഡലത്തിലെ പഞ്ചായത്തുകൾ ഉൾപ്പെടുന്നില്ല. വരും വർഷങ്ങളിൽ തുടർന്നുള്ള ബാച്ചുകളായി പഞ്ചായത്തുകളെ തെരഞ്ഞെടുക്കുമ്പോൾ ഈ മണ്ഡലത്തിലെ പഞ്ചായത്തുകൾക്കും അപേക്ഷിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ